# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.724** **30.01.2019-ൽ മറുപടിയ്ക്ക്**

**പ്രളയത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ**

| | | | |
|---|---|---|---|
| **ചോദ്യം:** | | **മറുപടി:** | |
| **ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.പി.ജെ.ജോസഫ്**<br>**ശ്രീ.മോൻസ് ജോസഫ്**<br>**ഡോ.എൻ. ജയരാജ്** | | **ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** | |
| (എ) | **2018** ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ വ്യക്തമായ കണക്ക് ലഭ്യമാണോ; വിശദമാക്കുമോ ; | (എ) | **2018** ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.<br>**പട്ടികജാതി വികസന വകുപ്പ്**<br>1. പ്രളയബാധിത കുടുംബങ്ങൾ - 85207<br>2. മരണപ്പെട്ടവർ - 44<br>3. പരിക്കു പറ്റിയവർ - 65<br>4. പൂർണ്ണമായി തകർന്ന വീടുകൾ - 2733<br>5. ഭാഗികമായി തകർന്ന വീടുകൾ - 11223<br>6. ഭൂമി വാസയോഗ്യമല്ലാതായവർ - 165<br>7. പൂർണ്ണമായി വാസയോഗ്യമല്ലാതായ പ്രദേശങ്ങൾ/കോളനികൾ - 4<br>8. ഉപയോഗ ശൂന്യമായ/റിപ്പയർ ആവശ്യമായ കക്കൂസുകൾ - 10154<br>9. ഉപയോഗ ശൂന്യമായ/റിപ്പയർ ആവശ്യമായ സ്വകാര്യ കിണറുകൾ - 6800<br>10. ഉപയോഗ ശൂന്യമായ/റിപ്പയർ ആവശ്യമായ പൊതു കിണറുകൾ - 405<br>11. തകരാറിലായ റോഡ്/നടപ്പാത — 777 എണ്ണം - 487 കി.മീ<br>12. തകരാറിലായ കുടിവെള്ള പദ്ധതികൾ - 107<br>13. കൃഷി നഷ്ടം - 527 ഏക്കർ<br>14. വളർത്തുമൃഗങ്ങളുടെ നഷ്ടം - 4979<br>**പട്ടികവർഗ വികസന വകുപ്പ്**<br>1. പൂർണ്ണമായി തകർന്ന വീടുകൾ - 729<br>2. ഭാഗികമായി തകർന്ന വീടുകൾ - 1220<br>3. ഭൂമി നഷ്ടപ്പെട്ടവർ - 425 |

| | | | |
|---|---|---|---|
| | | | 4. ഭൂമിയും വീടും നഷ്ടപ്പെട്ടവർ - 248<br>5. കൃഷി ഭൂമി നഷ്ടപ്പെട്ടവർ - 591 |
| (ബി) | പ്രളയാനന്തരം പ്രസ്തുത കുടുംബങ്ങളുടെ പുനരധിവാസത്തിനു കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; | (ബി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>പ്രളയബാധിതരായ 62,466 പട്ടികജാതി കുടുംബങ്ങൾക്ക് ആശ്വാസധനസഹായമായി 5,000/- രൂപ വീതം ആകെ 8,90,40,000/-രൂപ അനുവദിച്ചു. ബാക്കിയുള്ളവർക്ക് ടി തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പൂർണ്ണമായും വീട് തകർന്ന 111 പേർക്ക് 72,60,000/-രൂപ അനുവദിച്ചിട്ടുണ്ട്. മറ്റുള്ളവർക്ക് റീബിൽഡ് കേരള മുഖേന നൽകുവാൻ നടപടിയായി. പ്രളയത്തിൽ തകർന്ന 90 കോളനികളിൽ അടിസ്ഥാനസൗകര്യങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പ്രളയാനന്തരം ഭൂമി വാസയോഗ്യമല്ലാതായ 165 പട്ടികജാതി കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ വീതം നൽകി മറ്റൊരു സ്ഥലത്ത് വാസയോഗ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>**<u>പട്ടികവർഗ വികസന വകുപ്പ്</u>**<br>കാലവർഷക്കെടുതിമൂലം ദുരിതമനുഭവിച്ച അർഹരായ 3355 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായമായി 10,000/-രൂപ വീതം വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. സ.ഉ. (സാധാ) നം.480/18/D&MD dated 04/09/2018 പ്രകാരം ഭക്ഷ്യേതര വസ്തുക്കൾ ജില്ലാതല ഉദ്യോഗസ്ഥൻമാർ മുഖേന ദുരിതം നേരിട്ട 32631 പട്ടികർഗ്ഗക്കാർക്ക് നൽകിയിട്ടുണ്ട്. കാലവർഷക്കെടുതിമൂലം വീട് നഷ്ടപ്പെട്ട പട്ടികവർഗ്ഗ ക്കാർക്ക് ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തിയോ, വകുപ്പിന്റെ ഭവനപദ്ധതിയിൽപ്പെടുത്തിയോ വീട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഭൂമി നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ലാന്റ് ബാങ്ക് പദ്ധതിയിൽപ്പെടുത്തി ഭൂമി വാങ്ങി നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഉരുൾപൊട്ടലിൽ ഭൂമി ഒലിച്ചുപോയവർക്കും പുഴയോരമിടിഞ്ഞു വാസസ്ഥലം നഷ്ടപ്പെട്ട വർക്കും പുഴ വഴിമാറിയൊഴുകി ഭൂമി വാസയോഗ്യമല്ലാതായവർക്കും പുനരധി വാസത്തിന് ഇതിനോടകം ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (സി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>ഭൂമി നഷ്ടപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ സ്ഥലം കണ്ടെത്തി ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൂർണ്ണമായും വീട് തകർന്ന് വാസയോഗ്യമല്ലാതായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് വകുപ്പിന്റെ ഭവന നിർമ്മാണധനസഹായ പദ്ധതി പ്രകാരം 4 ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 111 പേർക്ക് ഒന്നാം ഗഡുവും 5 പേർക്ക് രണ്ടാം ഗഡു തുകയും അനുവദിച്ചു |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. പ്രളയത്തിൽ തകർന്ന 90 കോളനികൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br>**<u>പട്ടികവർഗ വികസന വകുപ്പ്</u>**<br>കാലവർഷക്കെടുതിമൂലം ഭൂമി നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി ഭൂമി വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രളയാനന്തരം ദുരിതമനുഭവിക്കുന്ന പ്രസ്തുത ജനവിഭാഗത്തിന്റെ കഷ്ടനഷ്ടങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പരിഹാരനടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**